(ബി) എങ്കിൽ ഈ കുറവ് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം കംപ്യൂട്ടർ പഠനം മുടങ്ങിയിരിക്കുന്ന സ്കൂളുകളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അദ്ധ്യാപകർക്കുള്ള യോഗ്യതയിൽ കംപ്യൂട്ടർ പരിജ്ഞാനംകൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വളരെ കുറച്ച് സ്കൂളുകളിൽ മാത്രമേ കംപ്യൂട്ടറുകൾ ആവശ്യത്തിനില്ലാതെയുള്ളൂ. കംപ്യൂട്ടർ ഇല്ലാത്ത സർക്കാർ സ്കൂളുകളിൽ കംപ്യൂട്ടർ നൽകാനായി നടപടി സ്വീകരിച്ചിട്ടുണ്ട്. കംപ്യൂട്ടറുകൾ ആവശ്യത്തിനില്ലാത്ത എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിൽ കംപ്യൂട്ടർ സ്ഥാപിക്കാൻ സ്കൂൾ മാനേജുമെന്റിനെ പ്രേരിപ്പിച്ചു വരികയാണ്.

(സി) വൈദ്യുതി കണക്ഷൻ ഇല്ലാതിരുന്ന സ്കൂളുകളിൽ ജനറേറ്റർ/ സോളാർ പാനൽ മുഖേന വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) പരിശോധനയിലാണ്.

സ്കൂളുകളിൽ സ്പോർട്സിന്റേയും ഗെയിമിന്റേയും ഉന്നമനത്തിനായി ഇൻഡോർ ഗെയിമുകൾ തുടങ്ങാൻ നടപടി

24 [2241] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് സ്കൂളുകളിലേക്കും ഡിവിഷനുകളിലേക്കും കായിക താരങ്ങളെ തെരഞ്ഞെടുക്കുന്ന ഗെയിമുകളിൽ, (കേരളത്തിലെ കുട്ടികൾ നാഷണലുകളിൽ സമ്മാനം നേടുന്ന പല ഗെയിമുകളിലും) കേരളത്തിലെ കുട്ടികളെ തെരഞ്ഞെടുക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ 3 കൊല്ലങ്ങളായി ടേബിൾ ടെന്നീസിൽ സ്കൂൾ നാഷണലിൽ എന്ത് നിലവാരമാണ് എന്ന് വിശദമാക്കാമോ;

(സി) ടേബിൾ ടെന്നീസിലും, ബോൾ ബാറ്റ്മിന്റനിലും ലോൺ ടോന്നീസിലും സ്പോർട്സ് സ്കൂൾ/ഹോസ്റ്റൽ എന്നിവിടങ്ങളിലേക്ക് കുട്ടികളെ (ആൺ/ പെൺ) എടുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്കൂളുകളിൽ സ്പോർട്സിന്റേയും ഗെയിംസിന്റേയും ഉന്നമനത്തിനായി നിർബന്ധമായി ഇന്റോർ ഗെയിമുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ; ഇതിന് നിർബന്ധമായി ഒരു പിരീഡ് മാറ്റി വെയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ കുട്ടികളെ തെരഞ്ഞെടുക്കുന്നുണ്ട്.

(ബി) ടേബിൾ ടെന്നീസിന് 19 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളിൽ 2002-03-ൽ മൂന്നാം സ്ഥാനവും, 2003-04-ൽ രണ്ടാം സ്ഥാനവും, 2004-05-ൽ രണ്ടാം സ്ഥാനവും പതിനാല് വയസ്സിന് താഴെ പ്രായമുള്ള കുട്ടികളിൽ 2004-05-ൽ രണ്ടാം സ്ഥാനവും ലഭിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

2001-02 കാലയളവിൽ വിദ്യാലയങ്ങളുടെ സമഗ്ര വികസനത്തിന് ഏർപ്പെടുത്തിയ പദ്ധതികൾ

25 [2242] ശ്രീ. കെ. രാധാകൃഷ്ണൻ:
" വി. ചെന്താമരാക്ഷൻ:
" ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ആവശ്യമായ സൗകര്യങ്ങളും മാന്യമായ സാഹചര്യങ്ങളും ഒരുക്കുന്നതിനായി ഒരു സമഗ്ര സ്കൂൾ വികസനത്തിന് സർക്കാർ രൂപം നൽകി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആ പദ്ധതിയിൻകീഴിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അവയിൽ എന്തെല്ലാം നടപ്പിലാക്കിയെന്നും വ്യക്തമാക്കുമോ?

(സി) ഈ പദ്ധതിയുടെ പ്രാഥമിക ചെലവുകൾക്കായി 2001-02 വർഷത്തെ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിരുന്നു;

(ഡി) എന്തു തുക ഈ പദ്ധതിക്കായി 2001-02 വർഷം ചെലവഴിച്ചു;

(ഇ) പദ്ധതിയുടെ നടത്തിപ്പിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഓരോ വർഷവും എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ ആന്റ് ബി) സമഗ്ര സ്കൂൾ വികസന പദ്ധതി എന്ന പേരിൽ മാത്രമായി ഒരു പദ്ധതി നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly